**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 121** **22-06-2026-ൽ മറുപടിയ്ക്ക്**

**തുറമുഖ നഗര പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. കുറുക്കോളി മൊയ്തീൻ
ശ്രീ. പി .എം. എ. സമീർ
ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ അന്താരാഷ്ട്ര തുറമുഖങ്ങൾ, കണ്ടെയ്നർ ടെർമിനലുകൾ, ഇടത്തരം തുറമുഖങ്ങൾ എന്നിവയെ സംയോജിപ്പിച്ച് കേരളത്തെ ഒരു തുറമുഖ നഗരമാക്കി മാറ്റുന്നതിന് ഏന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തിന്റെ 600 കിലോമീറ്റർ തീരദേശം 44 നദികൾ 34 തടാകങ്ങൾ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, മലനാട്, ഇടനാട് മേഖലകളിലെ സമഗ്ര സാധ്യതകൾ എന്നിവ ഏകോപിപ്പിച്ച് കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ ശക്തമായ സാന്നിധ്യമായി ഉയർത്തുന്നതിനുള്ള പദ്ധതിയാണ് മിഷൻ സമുദ്ര. കേരളത്തെ ഒരു പോർട്ട് സിറ്റിയായി വിഭാവനം ചെയ്ത് റോഡ്, സമുദ്രം, റയിൽ, ഉൾനാടൻ ജലപാതകൾ, നിർമാണ മേഖലകൾ, ഗ്രീൻ ഫീൽഡ് സിറ്റി, എന്നിവയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ് വ്യവസ്ഥയിലേക്ക് മാറ്റിയെടുക്കാനാണ് ലക്ഷ്യമിടുന്നത്.

**(ബി)** റോഡിലൂടെയുള്ള ചരക്ക് നീക്കത്തിന്റെ എത്ര ശതമാനം കടൽവഴിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**മറുപടി:** ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ നിലവിൽ റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന്റെ പകുതിയോളം കടൽമാർഗ്ഗമാക്കുന്നതിനു ലക്ഷ്യമിടുന്നു.

**(സി)** ഈ പദ്ധതിയിൽ ക്രൂയിസ് ഷിപ്പിംഗ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തെ 17 നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് ക്രൂയിസ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**(ഡി)** ഈ പദ്ധതിയിൽ നദികളെ സംയോജിപ്പിച്ചുള്ള ടൂറിസം പദ്ധതികൾ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ **44** നദികളെയും, **34** തടാകങ്ങളെയും, നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെയും, മലനാട്, ഇടനാട് മേഖലകളിലെ സമഗ്ര സാധ്യതകൾ എന്നിവ ഏകോപിപ്പിച്ച് കേരളത്തെ അന്താരാഷ്ട്ര മാരിടൈം ഭൂപടത്തിൽ ശക്തമായ സാന്നിധ്യമായി ഉയർത്തുന്ന നടപടികൾ മിഷൻ സമുദ്ര പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**